(21. A.) "26 Medical—2—Mental Hospital"

Mr. Parambi Lonappen (*Minister for Revenue*). I rise to move for an additional allotment of Rs. 400/-under "26 Medical—2—Mental Hospital". The Superintendent, Mental Hospital, Trichur reported that drinking vessels and other untensils for the patients are urgently required, and it may be supplied immediately. There is no provision in this year's budget to meet the expenditure. No savings are also available for the purpose. Hence to meet the expenditure in the above connection an addition allotment of Rs. 400/- is necessary under 26—medical 2 Mental Hospital. I request this may be sanctioned.

മിസ്റ്റർ ജോസ്സ് കെ. വട്ടിസ്സ്: I oppose it Sir. സർ, ഭാന്തോശുപത്രിയിൽ സുബോധമില്ലാതെ കിടക്കുന്ന ആളുകൾക്ക ഭക്ഷണം കഴിക്കുവാനുള്ള പാത്രം മേടിയ്ക്കാനാണ് ഈ സംഖ്യ ചോദിക്കുന്നത്. ഈ പാത്രങ്ങളിൽ കഴിക്കുവാനുദ്ദേശിച്ചു സാധനങ്ങൾ വാങ്ങിക്കുവാനുള്ള സംഖ്യ കൊടുക്കുന്നതു അവക്കുപകരിക്കുന്നില്ല. ൧½ കൊല്ലമായി അവിടത്തെ റേഷൻ കാർഡുപ്രകാരമുള്ള പഞ്ചസാര വാങ്ങിച്ചു അവിടത്തെ ഓവർസിയർ സ്വന്തമായി ഉപയോഗിക്കുകയാണ് പതിവു്. ഈയിടെ അവിടെ വെച്ചിരുന്ന അരി കളവു് പോയ വിവരം എല്ലാവക്കുമറിയാം. അവിടെ @ ൦,— @ ൧ റാത്തൽ വെജിറബിൾസ് കൊടുക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളതു്. പക്ഷെ, ൪ ൦,— ൪൧ റാത്തലാണ് കൊടുത്തുവരുന്നതു്. മത്സ്യമാംസങ്ങൾ കൊടുക്കാറുതന്നെ ഇല്ല. അവിടെ കൊടുക്കുന്ന സാധനങ്ങൾ കട്ടുകൊണ്ടുപോകാൻ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ ഗവൺമെന്റു് അവിടെ വെച്ചിരിക്കുകയാണ്. കടം കമഴ്ത്തിവെച്ചു വെള്ളമൊഴിക്കുന്നതുപോലെയാണ് ഗവൺമെന്റു് അവിടെ ചെയ്യുന്ന കായ്ക്കങ്ങൾ. പാത്രത്തിലിടാനുള്ള സാധനം കിട്ടാതെ പാത്രം കിട്ടിയിട്ടു യാതൊരു കായ്വുമില്ല. അവിടെ മനുഷ്യന്നു ചെയ്യാൻ പാടില്ലാത്ത പല ദ്രോഹങ്ങളും ചെയ്യുന്ന കുറക്കാരനെ ഇപ്പോൾ കടൽക്കാറുകൊണ്ടു സുഖിക്കാൻ ഇങ്ങോട്ടു വിട്ടിരിക്കുകയാണ്. ഇങ്ങിനെ പറയുകയാണെങ്കിൽ അനവധി കായ്ക്കങ്ങൾ പറയാനുണ്ടു്. അതെല്ലാം ഈ സന്ദർഭത്തിൽ പറയാൻ പാടുണ്ടോ എന്നുള്ള സംശയം കൊണ്ടാണ് പറയാത്തതു്. ഇങ്ങിനെയുള്ള അവസരത്തിൽ പാത്രം കൊടുത്തിട്ടു കായ്വുമില്ല. പാത്രം കൊടുക്കുകയാണെങ്കിൽ അതിലിടാനുള്ള സാധനങ്ങളും അവക്കു കൃത്യമായി, സത്യമായി കിട്ടത്തക്കവണ്ണമുള്ള ഏർപ്പാടു ചെയ്യണം. അല്ലാതെ കൊടുക്കുന്നതു സങ്കടമാണ് എന്നുമാത്രമെ ഞാൻ ഈ സന്ദർഭത്തിൽ പറയുന്നുള്ളൂ.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, അവിടെയൊരു ഗവൺമെന്റു് സേവകൻ ചില വലിയ സ്ഥാനങ്ങളിൽ സേവകനാണെന്ന നടിച്ചുകൊണ്ടു് പെരുമാറിയിരുന്നു. അയാളെ കരാറുകാരനാണെങ്കിലും ഓവർസിയർ എന്നാണ് വിളിക്കാറു്. അങ്ങിനെയുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവയ്ക്കു തുല്ലാത്ത വ്യക്തികളെ അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാരെ അവിടെനിന്നും മാറിയതിനു് വളരേയധികം ഉദാഹരണങ്ങളുണ്ടു്. ആ മനുഷ്യനെപ്പറ്റി അനേകം കംപ്ലെയിൻറു് ഉണ്ടു്. ഇതെല്ലാം ഗവൺമെന്റിനു നല്ലപോലെ അറിയാം. അതിനെസംബന്ധിച്ചു വളരെയധികം ആക്ഷേപങ്ങൾ മന്ത്രിയുടെ അടുക്കൽ ചെന്നിട്ടുണ്ടു്. മഹാരാജാവിന്റെ തിരുനാൾ സംബന്ധിച്ചു അവിടെ ഒരു സഭ്യയുണ്ടായിരുന്നു. അന്നു് രണ്ടു സ്ത്രീകൾ മാത്രമുള്ള ഒരു സ്ഥലത്തു ഈ ഉദ്യോഗസ്ഥൻ കടന്നു ചെല്ലുകയും അവരെ കടന്നുപിടിക്കുകയും മറ്റും ചെയ്തു എന്നു കടലാസിൽ കണ്ടു. ഈ വർത്തമാനം പരസ്യമായി തീർന്നിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചു അവിടെ മുന്നാലു പ്രസംഗങ്ങൾ ചെയ്തിട്ടുണ്ടു്. അങ്ങിനെയുള്ള ആ ഉദ്യോഗസ്ഥനെ ഹെഡ് ആഫീസ്സിലേക്കു് പ്രമോഷനോടു കൂടിയാണൊ എന്നറിയാൻ പാടില്ല—മാറിയിരിക്കുകയാണു്. ഇയാൾ പിടിയ്ക്കാൻ ചെന്ന സ്ത്രീയെ ഏറ്റവും വലിയ മലമ്പനിയുള്ള പ്രദേശത്തേക്കു മാറ്റുകയും ചെയ്തു.

Mr. President: It is about the supply of vessels.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവരെ പിടിയ്ക്കാൻ ചെന്ന ആ ഉദ്യോഗസ്ഥനു ഒരു ഗ്രേഡു് പ്രമോഷനോടുകൂടി നല്ല സ്ഥലത്തേക്കു മാറിയിരിക്കുന്നു.

Mr. President: What I said is that this does not come under this head.

മിസ്റ്റർ കെ. ഐ. വേലായുൻ: അവിടെ നടന്ന അഴിമതികളാണിതു്. ഇതു പത്രങ്ങളിൽ വന്നിട്ടുണ്ടു്. ഇതു നാട്ടിൽ ഒരു വലിയ സംസാരവിഷയമായിട്ടുണ്ടു്. ഈ കൌൺസിലിൽകൂടി അതിനെപ്പറ്റിപറയാമെന്നു വിചാരിച്ചാണ് ഇതു് ഇവിടെ പറഞ്ഞതു്. ഇതിനെപ്പറ്റി ഗവൺമെന്റു ഗൌരവമായി ആലോചിക്കുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഭ്രാന്താശുപത്രിയിൽ പോയി താമസിക്കേണ്ടി വരുകയെന്നുള്ളതു വളരെ സുഖകരമായ കാര്യമല്ല. അവിടെ ചെന്നുപെടുന്ന ആളുകൾക്കു് ക്ഷേണം കൊടുത്താൽ കഴിച്ചാലും, കഴിച്ചില്ലെങ്കിലും കൊടുത്തു എന്നു വരുത്തി കൺട്രാക്ടർ പണം മേടിയ്ക്കും. ഭ്രാന്താശുപത്രിയിൽ ഓവർസിയർ എന്ന ഉദ്യോഗസ്ഥന്റെ ആവശ്യം എന്താണെന്നു മനസ്സിലാകുന്നില്ല. അവിടെ അയാൾ ചെയ്യുന്നതു ഒരു ഓവർസിയരുടെ പണിയല്ല.

Mr. President: Again I ask the question how it is relevant.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പാത്രം മേടിക്കാനുള്ള പണം അനുവദിക്കണമെന്നാണ് ഇവിടെ പറയുന്നതു്. ഈയവസരത്തിൽ, ഭ്രാന്താശുപത്രിയിലെ ചില പാത്രങ്ങളെപ്പറ്റിയാണ് ഞങ്ങൾ പറയുന്നതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അവിടെ തെറ്റുചെയ്ത ഒരു ഉദ്യോഗസ്ഥനു പ്രമോഷൻ കൊടുത്തിട്ടുണ്ടെങ്കിൽ ആ കാരണത്തിന്മേൽ തന്നെ അവിടെ പാത്രം മേടിക്കാനുള്ള പണം തരാൻ പാടില്ല. ഇങ്ങിനെയുള്ള കുറ്റവാളികൾക്കു പ്രമോഷൻ കൊടുത്തിട്ടില്ല, അയാളെ ശിക്ഷിച്ചിട്ടുണ്ടെന്നു ഗവൺമെണ്ടു പറയണം. അയാളുടെ കയ്യേറ്റത്തിനു വിധേയയായ സ്ത്രീയെ സ്ഥലംമാറ്റംചെയ്തു എന്നുപറയുന്നതു ശരിയല്ലായെന്നു ഗവൺമെണ്ടു പറയണം. അങ്ങിനെ പറയുകയാണെന്നുണ്ടെങ്കിൽ ഈ പണം അനുവദിച്ചുതരാൻ വിരോധമില്ല. അതുകൊണ്ടു് ഈ വിഷയത്തെക്കുറിച്ചു വിശദമായ ഒരു വിവരം കിട്ടിയാൽ തരക്കേടില്ല.

മിസ്റ്റർ പറമ്പി ലോനപ്പൻ: സർ, അവിടെ നടന്ന സംഭവത്തെക്കുറിച്ചു ഇവിടെ ചിലർ പറഞ്ഞതുകൊണ്ടു അതിനെ സംബന്ധിച്ചു ഗവൺമെണ്ടിനു കിട്ടിയിട്ടുള്ള വിവരം ഞാൻ പറയാം. അവിടെ ഒരു ഫിലാസഫി ഗ്രാഡുവെറ്റിനെ സൂപ്രവൈസറായി അപ്പോയിൻറു ചെയ്തു.

മിസ്റ്റർ പി. മാണി: അവിടെ എന്തു സൂപ്രവൈസുചെയ്യാനാണു് ഒരു സൂപ്രവൈസറെ വെച്ചതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടത്തെ കാര്യങ്ങൾ നല്ലപോലെ നടക്കുന്നുണ്ടോ എന്നു സൂപ്രവൈസ് ചെയ്യാൻ.

മിസ്റ്റർ കെ. ഐ. വേലായുധൻ: അയാൾ യഥാർത്ഥത്തിൽ B. A. പാസായ ഒരാളാണോ എന്നു ചോദിക്കാമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: പാസായിട്ടുണ്ടെന്നാണു് എന്റെ അറിവു്. ആ സൂപ്രവൈസർ അവിടെയുള്ള ഒരു സ്ത്രീയെ പിടിയ്ക്കാൻ പോയി എന്നൊരു വർത്തമാനം കടലാസിൽ കണ്ടു. അതിനെപ്പറ്റി അന്വേഷണം നടത്തി.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഭ്രാന്തുപിടിച്ച സ്ത്രീയെയാണോ അയാൾ പിടിക്കാൻ പോയതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അല്ല. അവിടെ ജോലിചെയ്യുന്ന ഒരു സ്ത്രീയെ.

മിസ്റ്റർ കെ. ഐ. വേലായുധൻ: അതിനെ സംബന്ധിച്ചു ആ സ്ത്രീയിൽനിന്നു വല്ല പെറ്റീഷനും കിട്ടിയിട്ടുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ. ഉവ്വു്. അതിനെപ്പറ്റി അന്വേഷണം നടത്തി സ്റ്റോറുമെൻറു് എടുത്തിട്ടുണ്ടു്. അയാളുടെ പേരിൽ പൂർണ്ണമായ തെളിവില്ല. എങ്കിലും അയാളുടെ പേരിൽ സംശയം തോന്നിയതുകൊണ്ടു ഇനി അയാളെ അവിടെ വച്ചുകൊണ്ടിരിക്കുന്നതു ശരിയല്ലായെന്നു വിചാരിച്ചു അയാളെ അവിടെനിന്നും മാറ്റി. ആ സ്ത്രീയേയും അവിടെനിന്നു മാറ്റി.

മിസ്റ്റർ കെ. ഐ. വേലായുധൻ: അയാളുടെ സ്വഭാവം നല്ലതാണെന്നാണോ ഗവൺമെണ്ടു വിചാരിക്കുന്നതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ. അയാളുടെ സ്വഭാവം നല്ലതാണെന്നു പറയുന്നില്ല. പക്ഷെ ആ സ്ത്രീയുടെ സ്വഭാവം നല്ലതല്ലെന്നാണു പറയുന്നതു്. രണ്ടുപേരുടേയും സ്വഭാവം നല്ലതല്ലാത്തതുകൊണ്ടാണു് ഈ തകരാറു വന്നതു്. അതിനുശേഷം രണ്ടുപേരേയും അവിടെ വച്ചുകൊണ്ടിരിക്കുന്നതു നല്ലതല്ലെന്നു തോന്നി ആ സ്ത്രീയെ നെന്മാറക്കും അയാളെ മെഡിക്കൽ സ്റ്റോറിലേക്കും മാറ്റി.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അവിടെയും സ്ത്രീകളുണ്ടെന്നുള്ളതറിയാമോ ?

മിസ്റ്റർ പറമ്പി ലൊനപ്പൻ: മെഡിക്കൽ സ്റ്റോറിൽ സ്ത്രീകളുണ്ടോ എന്നു അറിയാൻ പാടില്ല.

Mr. President: We are on a matter that is not strictly relevant.

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെ വെള്ളം കുടിക്കാനും ഭക്ഷണം കഴിക്കുന്നതിനും പാത്രങ്ങൾ വാങ്ങിക്കണം, തോട്ടം ഉണ്ടാക്കുന്നതിനുള്ള സാധനങ്ങൾ വാങ്ങിക്കണം, തുലാസു വാങ്ങിക്കണം, ബർമ്പു മുതലായതു വാങ്ങിക്കണം. കൂറെ കയർ വാങ്ങിക്കണം, ഇവകക്കെല്ലാംകൂടിയാണ് ർ ം ം രൂപാ ചോദിച്ചിരിക്കുന്നതു്. ഇതു അനുവദിക്കണമെന്നാണു് പറയുന്നതു്.

Mr. President: I have already pointed out that the matter because it is not relevant to the demand.

Demand put and carried

(24) "10—Anchal"

Mr.Parambi Lonappen *(Minister for Revenue)*: I rise to move for an additional allotment of Rs. 28/- under "10 Anchal (a) 2 Washing Allowance (Cranganur)". Government have sanctioned a washing allowance of 8 annas per mensem to all menials in the Anchal Department who are supplied with uniforms. There are 5 Anchalmen in the Cranganur Anchal Office and the washing allowance to be paid to them for 11 months will come to Rs 27—8—0. As orders sanctioning the allowa nce were issued only this year no provision could be made in the budget for the purpose. Hence this additional allotment. I pray that this may be sanctioned.

Demand put and carried

(22) "5-B—Village Panchayats"

Mr. K. Balakrishna Menon (*Minister for Food and Education*): I move for an additional allotment of Rs. 4,000/-under "5-C-Village Panchayats—Irrigation—Other Works". The reasons are stated in the note. I pray that the amount may be senctioned.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അവിടെ ഏതു sluices നന്നാക്കാനാണു് ഈ ർ,ം ം ം രൂപ ആവശ്യപ്പെട്ടിരിക്കുന്നതു എന്നു പറഞ്ഞാൽ തരക്കേടില്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: എല്ലാം റിപ്പയർ ചെയ്യേണ്ട ആവശ്യത്തിനു വേണ്ടിയാണു്.

The Kumbalanghy Panchayat has represented the immediate necessity of reconstructing the existing sluices fitted up in the local bunds with a view to prevent the ingress of salt water in order to facilitate the paddy cultivation there.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അവിടത്തെ കൃഷിസ്ഥലങ്ങളെ സംരക്ഷിക്കുവാൻ രണ്ടു sluices ആണു് ആവശ്യം. അതു മരംകൊണ്ടുണ്ടാക്കാനാണു പരിശ്രമിക്കുന്നതു എങ്കിൽ അതിനെസംബന്ധിച്ചു ഇപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്ന ആക്ഷേപങ്ങൾ ഇനിയുമുണ്ടാകും. അതുകൊണ്ടു് അതു കോൺക്രീറുകൊണ്ടു ഉണ്ടാക്കാൻ ഗവണ്മെണ്ടു ആലോചിക്കുന്നില്ലെങ്കിൽ ഈ പണം അവിടെ ചിലവുചെയ്യേണ്ട ആവശ്യമില്ല. അതിനാൽ ഏതുപ്രകാരത്തിലാണു ഈ പണം അവിടെ ചിലവു ചെയ്യാൻ പോകുന്നതു എന്നുള്ളതു വ്യക്തമായി പറയുകയാണെങ്കിൽ അതു വളരെ ഉപയോഗപ്രദമായിരിക്കും.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അവിടെ sluices കോൺക്രീറുകൊണ്ടുണ്ടാക്കണമെന്നാണു പറയുന്നതു എങ്കിൽ അതിനെക്കുറിച്ചാലോചിക്കാം. I will look into your suggestions.

Demand put and carried

(23) "3—Education"

Mr. K. Balakrishna Menon *(Minister for Food and Education)*: I move for an additional allotment of Rs. 2,600 under "3—Education-2-Collegiate Education". The Professor of Chemistry has reported that in connection with the starting of the B. Sc. (Botany)

LIBRARY ARCHIVES Kerala Legislative Assembly